No. CEE/4848/2013/KEAM-2014/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2014-ലെ എം.ബി.ബി.എസ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിക്കുന്നു

2014-15 അദ്ധ്യയന വർഷത്തെ സംസ്ഥാനത്തെ എം.ബി.ബി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം 30.09.2014 ന് അവസാനിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് ഒഴിവുള്ള എം.ബി.ബി.എസ് സീറ്റുകൾ ഉണ്ടെങ്കിൽ അവ മെറിറ്റ് അടിസ്ഥാനത്തിൽ നികത്തുന്നതിന് 01.12.2014-ലെ സിവിൽ റിട്ട് പെറ്റിഷൻ നം. 934/2014-ൻ മേൽ ബഹു: സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം ഒഴിവുള്ള സീറ്റുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിപ്പ് നൽകിയിരുന്നു. 13.01.2015-ലെ ആരോഗ്യ സർവ്വകലാശാലയുടെ കത്ത് പ്രകാരം സംസ്ഥാനത്ത് രണ്ട് സ്വാകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി നാല് എം.ബി.ബി.എസ് സീറ്റുകൾ മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവു വന്നിട്ടുണ്ട്. തൊടുപുഴ അൽ-അസ്ഹർ മെഡിക്കൽ കോളേജിലെ മൂന്ന് മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളും, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഒരു മാനേജ്മെന്റ് ക്വാട്ടാ സീറ്റുമാണ് ഒഴിവുള്ളതായി അറിയിച്ചിട്ടുള്ളത്. പ്രസ്തുത സീറ്റുകൾ നികത്തുന്നതിന് 30.09.2014 നു ശേഷം ബന്ധപ്പെട്ട കോളേജ് മാനേജ്മെന്റുകൾക്ക് അധികാരമില്ലാത്തതിനാൽ അവ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് ബാധകമായ ഫീസ് നിരക്കിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്താൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് 03.02.2015 ലെ ഉത്തരവിലൂടെ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽപറഞ്ഞ സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തുന്നതിനായി 2014-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 4000 വരെ റാങ്കുള്ള വിദ്യാർത്ഥികളിൽ നിന്നും ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിയ്ക്കുന്നു. വിദ്യാർത്ഥികൾക്ക് മേൽപറഞ്ഞ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് താൽപര്യമുള്ള പക്ഷം 04.02.2015 മുതൽ 07.02.2015 വൈകുന്നേരം മൂന്ന് മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. പ്രസ്തുത വെബ്സൈറ്റിലെ **'KEAM 2014: Option Registration for Vacant MBBS Seats'** എന്ന ലിങ്കിലൂടെ അവരവരുടെ റോൾ നമ്പർ, ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകിയ ശേഷം ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഒരു കാരണവശാലും പ്രവേശനത്തിനായി പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കാത്തവർ യാതൊരു കാരണവശാലും ഓപ്ഷനുകൾ നൽകാൻ പാടുള്ളതല്ല.

**ഒഴിവുള്ള സീറ്റുകൾ:**

| കോളേജ് കോഡ് | കോളേജ് | ഒഴിവുള്ള മാനേജ്മെന്റ് സീറ്റുകളുടെ എണ്ണം | ഫീസ് നിരക്ക് |
|---|---|---|---|
| **AAM** | Al Azhar Medical College & Super Speciality Hospital, Ezhalloor, Thodupuzha, Idukki | **3** | **Rs. 25,000** |
| **JMC** | Jubilee Mission Medical College & Research Institute, Bisho Alappat Road,Thrissur | **1** | **Rs. 25,000** |

07.02.2015 വൈകുന്നേരം മൂന്ന് മണിവരെ ലഭിക്കുന്ന ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത സീറ്റുകളിലെ പ്രവേശനത്തിനായുള്ള മെറിറ്റ് ലിസ്റ്റ് തയ്യാറാക്കി ആയത് 07.02.2015 ന് വൈകുന്നേരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതിനോടൊപ്പം ഓരോ കോളേജിലേയ്ക്കും പ്രവേശനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റും പ്രസിദ്ധീകരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ **11.02.2015 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി ആവശ്യമായ രേഖകൾ സഹിതം അതത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. ഇപ്പോൾ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ പുതുതായി പ്രവേശനം ലഭിക്കുന്ന പക്ഷം അവർ പഠിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കോളേജ് അധികാരികളുമായി ബന്ധപ്പെട്ട് സ്വയം ബോധ്യപ്പെട്ടിരിക്കേണ്ടതാണ്.

തിരുവനന്തപുരം
04.02.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**